# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 394

## 08.08.2017 ലെ മറുപടിക്ക്

## <u>മണ്ഡലം ആസ്തി വികസന ഫണ്ട്</u>

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.എം. മുകേഷ്</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അനുവദനീയമായ പ്രവൃത്തികൾ സംബന്ധിച്ച അനുബന്ധം-1ൽ ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;</td><td rowspan="2">സ.ഉ.(അ) നം.86/2017/ധന. തീയതി 04.07.2017 ൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദനീയമായ പ്രവൃത്തികൾ സംബന്ധിച്ച അനുബന്ധം-1 ൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. എം.എൽ.എ. മാർ തുടർച്ചയായി ശുപാർശ ചെയ്യുന്നതും പൊതുസ്വഭാവമുള്ളതുമായ പ്രവൃത്തികളാണ് അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു ഒരു സമ്പൂർണ്ണ ലിസ്റ്റ് അല്ല. പ്രസ്തുത ലിസ്റ്റ് കൂട്ടിച്ചേർക്കലുകൾക്ക് വിധേയമാണ്. ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിന് സഹായകരമാകുന്ന മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നിലവിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദനീയമാണ്. ഇത്തരം പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് തടസ്സമില്ല. ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ വിഭാഗത്തിൽ ബഹു. എം.എൽ.എ.മാർ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകി വരുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അധീനതയിലുള്ള ഭൂമിയിൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിന് സഹായകരമാകുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) പ്ലാസ്റ്റിക് ഷ്രെഡിംഗ് / റീസൈക്ലിംഗ് / ബെയ് ലിംഗ് യൂണിറ്റുകൾ, കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ, വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ്,സീവേജ് പ്ലാന്റ് തുടങ്ങിയവ നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് നിർമ്മിക്കുന്നതിന് സാധിക്കുമോ; സാധിക്കില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**